# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : **36** — 12.06.2012 ൽ മറുപടിക്ക്

### പൊതുമേഖലാ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, ഷാഫി പറമ്പിൽ<br>,, എ. റ്റി. ജോർജ്<br>,, ലൂഡി ലൂയിസ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാന ങ്ങളാണുള്ളത് ; | (എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്ന തിന്റെ ഭാഗമായി ഒരു ഇന്റർനെറ്റ് അധിഷ്ഠിത വെബ് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ദൈനംദിന മോണിട്ടറിംഗ് സംവിധാനം, മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം എന്നിവ ശക്തിപ്പെടുത്തുകയും, കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തു കയും ചെയ്തിട്ടുണ്ട്. ഈ മോണിട്ടറിംഗ് സംവിധാനത്തിന്റെ ചുമതല Public Sector Restructuring & Internal Audit Board നാണ്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br>ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങ ളുടെ ഓരോ മാസത്തേയും പ്രവർത്തന റിപ്പോർട്ട് RIAB അവലോകനം ചെയ്ത് സർക്കാരിന് സമർപ്പിക്കുകയും, ഈ റിപ്പോർട്ടുകൾ പരിശോധി ച്ചതിനുശേഷം ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം സെക്രട്ടറിതലത്തിലും മന്ത്രിതലത്തി ലും, അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. |
| (ബി) പൊതുമേഖലാ സ്ഥാപന ങ്ങളിൽ സാമ്പത്തിക ക്രമ ക്കേടുകൾ നടക്കുന്നില്ലെന്ന് | (ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന്റെ |

ഉറപ്പുവരുത്തുന്നതിന് ആധുനിക സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ;

ഭാഗമായി NIC-യുടെ ഇ-പ്രൊക്യുർമെന്റ് പോർട്ടൽ ഉപയോഗിച്ച് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും 2012-13-ൽ തന്നെ ഇ-പ്രൊക്യുർമെന്റ് സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും Purchase Department ലുള്ള ഉദ്യോഗസ്ഥർക്കായുള്ള പരിശീലന പരിപാടി NIC യുടെ സഹായത്തോടെ ആരംഭിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോർഡ് തലത്തിലുള്ള മോണിട്ടറിംഗ് ശക്തമാക്കുന്നതിന്റെ ഭാഗമായി ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

കമ്പനികളുടെ സർക്കാർതല മോണിട്ടറിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ മാതൃകയിൽ MOU സംവിധാനം 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) ഇതിനായുള്ള സ്വതന്ത്ര നിരീക്ഷണ സംവിധാനത്തിന്റെ ചുമതല ആർക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) 2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന പ്രകാരം, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിക്കുന്നതി നുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളുടെ ചുമതല ഈ ബോർഡിനായിരിക്കും നൽകുക.

സെക്ഷൻ ഓഫീസർ

*അനുബന്ധം*

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി RIAB-ൽ സജ്ജമാക്കിയ ഇന്റർനെറ്റ് അധിഷ്ഠിത വെബ് പോർട്ടൽ മുഖേനയുള്ള മൂന്നുവിധത്തിലുള്ള റിപ്പോർട്ടിംഗ് സംവിധാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. ദൈനംദിന മോണിട്ടറിംഗ് സംവിധാനം **[Daily Monitoring System] – (www.riab.org/dailyrep.php) – Secured site**

കമ്പനികളുടെ ദൈനംദിന ഉൽപ്പാദന മൂല്യം, വിറ്റുവരവ്, പിരിച്ചെടുക്കേണ്ട തുക, കൊടുത്തുതീർക്കേണ്ട തുക എന്നിവയടങ്ങിയ റിപ്പോർട്ട് അടുത്ത ദിവസം 12 മണിക്ക് മുൻപ് ഈ പോർട്ടലിൽ രേഖപ്പെടുത്തുവാൻ അതാത് ഫിനാൻസ് മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വിവരങ്ങൾ മാനേജിംഗ് ഡയറക്ടർമാർ, RIAB, വകുപ്പ് സെക്രട്ടറിമാർ, വ്യവസായ വാണിജ്യ വകുപ്പ് മന്ത്രി എന്നീ തലങ്ങളിൽ പരിശോധനാ വിധേയമാക്കുന്നതാണ്. ഈ സംവിധാനത്തിൽ ചുരുക്കം ചില സാമ്പത്തിക സൂചികകളായിരിക്കും വിലയിരുത്തുക.

2. മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം **[Monthly Monitoring System] – (www.soemonitor.org) – Secured site**

ഇതിനായി നിലവിലുള്ള പോർട്ടൽ തന്നെയായിരിക്കും പ്രയോജനപ്പെടുത്തുക. ഇതിൽ നിന്ന് ഓരോ മാസവുമുള്ള ലാഭനഷ്ടക്കണക്കുകളും, ചെലവുകളുടെ വിവരവും ലഭിക്കും. ഇതുകൂടാതെ കമ്പനി തലത്തിൽ നടപ്പിലാക്കുന്ന പരിഷ്ക്കാരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. ഈ പോർട്ടലിൽ വിവരങ്ങൾ നൽകുന്നതിനുള്ള ചുമതല അതാത് മാനേജിംഗ് ഡയറക്ടർമാർക്കാണ്.

**3. കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം**

**(www.riab.org/suggestions.htm)**

കമ്പനികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അവയിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഭരണ തലത്തിൽ നേരിട്ടെത്തിക്കുന്നതിനായിട്ടാണ് ഈ സംവിധാനം ഒരുക്കിയിരിക്കുന്നത്. വിവരം രേഖപ്പെടുത്തുന്ന വ്യക്തിയുടെ പൂർണ്ണവിവരങ്ങൾ നൽകുകയാണെങ്കിൽ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങളിലെടുത്ത തീരുമാനം ഈ പോർട്ടൽ മുഖേന അറിയിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**